# രണ്ടുമാസമാകാത്ത നായ്ക്കളെ വിൽക്കാൻ പാടില്ല



## പ്രധാന ചട്ടങ്ങൾ

- പ്രജനനത്തിനും വിൽപ്പനയ്ക്കും തദ്ദേശസ്ഥാപനങ്ങളുടെ ലൈസൻസ്
- രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയെ വിൽക്കരുത്
- പ്രജനനകേന്ദ്രങ്ങളിൽ മൃഗഡോക്ടറുടെ സേവനം
- വിൽപ്പനയ്ക്കായി പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കരുത്.
- എട്ടു വയസ്സിന് മുകളിലുള്ള പട്ടികളെ ഇണചേർക്കരുത്

സ്വന്തം ലേഖകൻ

**ന്യൂഡൽഹി:** വാണിജ്യാടിസ്ഥാനത്തിൽ നായ്ക്കളുടെ പ്രജനനത്തിനും വിൽപ്പനയ്ക്കും കേന്ദ്രസർക്കാർ പുതിയ ചട്ടങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമത്തിന്റെ പരിധിയിലാണിത്.

കശാപ്പിനായി കന്നുകാലികളെ വിൽക്കുന്നതിനും അലങ്കാരമത്സ്യങ്ങളെ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്കൊപ്പമാണ് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം നായ്ക്കളുടെ കാര്യത്തിലും ചട്ടങ്ങൾ കൊണ്ടുവന്നത്.

രണ്ടു മാസത്തിൽ താഴെ പ്രായമുള്ള നായകളെ വിൽക്കാൻ പാടില്ല. ഇതിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. നായകളെയും നായക്കുട്ടികളെയും പരീക്ഷണങ്ങൾക്കായി വിൽക്കാൻപാടില്ല. ആരോഗ്യമുള്ള നായക്കുട്ടികളെ മാത്രമേ വിൽക്കാൻപാടുള്ളൂ. ഇവയ്ക്ക് മൈക്രോചിപ് ഘടിപ്പിക്കുകയും ചികിത്സയുടെയും വാക്സിനേഷന്റെയും രേഖകൾ സൂക്ഷിക്കുകയും ചെയ്യണം.

പ്രജനനകേന്ദ്രങ്ങളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളോടെയുമായിരിക്കണം നായ്ക്കളെ സൂക്ഷിക്കേണ്ടത്. ആവശ്യമായ ഭക്ഷണം, വെള്ളം, സ്ഥലം എന്നിവ ഉറപ്പുവരുത്തണം തുടങ്ങി നിരവധി വ്യവസ്ഥകൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രജനനകേന്ദ്രങ്ങൾ നടത്തുന്നവർ നായ്ക്കളുടെ പ്രത്യുത്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവയുടെ ആരോഗ്യസ്ഥിതി, പോഷകാഹാരം എന്നിവയെക്കുറിച്ചെല്ലാം ധാരണയുള്ളവരായിരിക്കണം. പട്ടികളുടെ പ്രായം സംബന്ധിച്ച് വെറ്ററിനറി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ രേഖ സൂക്ഷിക്കണം. ശ്വാനപ്രദർശനങ്ങൾ ഉൾപ്പെടെയുള്ളവ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം. നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ട ചുമതല സംസ്ഥാന മൃഗസംരക്ഷണ ബോർഡുകൾക്കാണ്.

Sun, 11 June 2017